"ഭരണഭാഷ-മാതൃഭാഷ"

ജെ6- 25127/2016

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 4-11-2016

## സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ്- പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16) യുടെ ആറാമത് റിപ്പോർട്ടിലെ ശുപാർശ. 32 നടപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :
1. സർക്കാരിന്റെ 29.07.2016 ലെ പി.എസ്1/157/2016/തസ്വഭവ നമ്പർ കത്ത്.
2. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (എ.ആർ 13) വകുപ്പിന്റെ 18.07.16 ലെ 5855/എ.ആർ13(2)/16/ഉ.ഭ.പ.വ നമ്പർ കത്ത്.
3. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16) യുടെ ആറാമത് റിപ്പോർട്ടിലെ ശുപാർശ 32.

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16)യുടെ ആറാമത് റിപ്പോർട്ടിലെ ശുപാർശ 32 ൽ നിശ്ചിത കാലത്തെ അവധിയിൽ നാട്ടിലെത്തുന്ന പ്രവാസികൾക്ക് നിരവധി വിഷയങ്ങൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രവാസികൾക്ക് പഞ്ചായത്ത് വകുപ്പിലെ വിവിധ ആഫീസുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രത്യേക പരിഗണന നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതിയുടെ ശുപാർശ നടപ്പാക്കുന്നതിനായി നിർദ്ദേശിക്കുന്നു. പ്രവാസികളുടെ അവധിക്കാലം സംബന്ധിച്ച രേഖകൾ പരിശോധിച്ച് ആയത് സേവനാവകാശ നിയമത്തിലെ സമയപരിധിക്കുള്ളിലാണെങ്കിൽ ആയവ ടി സമയക്രമം പാലിച്ചും സമയപരിധിക്കുള്ളിലല്ലായെങ്കിൽ അടിയന്തിരമായും നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

വി.രതീശൻ,ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ് -
1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
3. എല്ലാ പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും
4. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
5. എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ
8. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം/വികസനം) എന്നിവരുടെ സിഎ യ്ക്ക്
9. ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ
10. ഓഫീസ് കോപ്പി/കരുതൽ ഫയൽ